**13-ാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 2418** | **23.01.2014-ൽ മറുപടിയ്ക്ക്**

**കേന്ദ്ര - സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിപണി വിപുലീകരണം**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.കെ.ശിവദാസൻ നായർ**<br>**ശ്രീ. കെ.മുരളീധരൻ**<br>**ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ**<br>**ശ്രീ. റ്റി.എൻ.പ്രതാപൻ** | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി ചേർന്ന് വിപണി വിപുലീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;വിശദമാക്കുമോ; | (എ) | ഉണ്ട്.കേന്ദ്രപൊതു മേഖലാസ്ഥാപനങ്ങളുമായി സഹകരിച്ച് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളുമായി ചേർന്നുള്ള സംയുക്ത സംരംഭങ്ങൾ, വിപണന വിപുലീകരണം, ഉൽപ്പാദന വർദ്ധന എന്നിവയ്ക്ക് സർക്കാർ പ്രഥമപരിഗണന നൽകി നടപടികൾ സ്വീകരിച്ചുവരികയാണ്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി)<br>(സി)<br>&<br>(ഡി) | വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ; | | |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | | |

Hanu

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

## കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ

- കേന്ദ്ര സർക്കാർ സ്ഥാപനമായ **സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയും**കേരളാ മിനറൽസ് & മെറ്റൽസ് ലിമിറ്റഡുമായി ചേർന്ന് പ്രതിവർഷം 10000 ടൺ ടൈറ്റാനിയം സ്പോഞ്ച് ഉൽപ്പാദിപ്പിക്കുന്നതിനുള്ള 3250 കോടിരൂപയുടെ ഒരു സംയുക്ത സംരംഭത്തിന് ധാരണാ പത്രം 04.04.2013 ൽ ഒപ്പിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിക്കുന്നതിനായി SAIL ന്റെയും കേരള സർക്കാരിന്റെയും പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ജോയിന്റ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.
- മലബാർ സിമന്റ്സിന്റെ നിലവിലുള്ള ഉൽപാദനശേഷി കേരളത്തിന്റെ സിമന്റ് ഉപഭോഗത്തിന്റെ 6-7 ശതമാനം മാത്രം നിറവേറ്റാൻ പര്യാപ്തമാണ്. ഇതു വർദ്ധിപ്പിക്കുവാനായി കേന്ദ്ര പൊതുമേഖലാസ്ഥാപനമായ സിമന്റ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ ടാൻഡൂർ പ്ലാന്റിൽ നിന്നും ക്ലിങ്കറും, സിമന്റും ലഭ്യമാക്കുന്നതിനുള്ള ഒരു ധാരണാപത്രം ഉണ്ടാക്കിയിട്ടുണ്ട്. വാളയാറിൽ നിലവിലുള്ള സിമന്റ് മില്ലിന്റെ ഉൽപാദനശേഷി ഇരട്ടിയാക്കുന്നതിനായി സിമന്റ് കോർപറേഷൻ ഓഫ് ഇൻഡ്യയുടെ പ്രവർത്തനം നിർത്തിയ ഒരു പ്ലാന്റിൽ നിന്നും ഒരു മില്ല് ലഭ്യമാക്കുന്നതിനുള്ള feasibility report തയ്യാറായിട്ടുണ്ട്.
- മലബാർ സിമന്റ്സ് ലിമിറ്റഡിന് ആവശ്യമായ അസംസ്കൃത വസ്തുക്കളും, ക്ലിങ്കറും, സിമന്റും കടൽ മാർഗ്ഗം എത്തിക്കുവാൻ സാധിച്ചാൽ മാർക്കറ്റ് വിഹിതം 25% ത്തോളം എത്തിക്കാൻ സാധിക്കും. ഇതിനായുള്ള ആദ്യനടപടിയായി കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ സ്ഥലം പാട്ടത്തിനെടുത്ത് അവിടെ ഒരു സിമന്റ് ലോജിസ്റ്റിക് ഹബ് സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിഗണനയിലാണ്.
- കെ.എസ്.ഡി.പിയുടെ വൈവിദ്ധ്യവത്ക്കരണത്തിന്റെയും വിപുലീകരണത്തിന്റെയും ഭാഗമായി ഇൻഡ്യയിലും, ആഗോള തലത്തിലും വിപണന സാധ്യത ഉറപ്പുവരുത്തുന്നതിനും, കമ്പനിയെ ഒരംഗീകൃത മരുന്ന് ഉൽപ്പാദന സ്ഥാപനമായി രാജ്യാന്തരതലത്തിൽ ഉയർത്തുന്നതിലേക്കായി **എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡുമായി** ചേർന്നുള്ള പദ്ധതിയുടെ സാധ്യതാ പഠനം നടത്തുന്നതിനായി എസ്.ബി.ഐ.ക്യാപ്പിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിരിക്കുകയാണ്.
- **സ്റ്റേറ്റ് ട്രേഡിങ് കോർപ്പറേഷനുമായി** സഹകരിച്ച് പൊതുമേഖലാ സ്ഥാപനങ്ങൾക്കാവശ്യമായ ക്ലിങ്കർ, ലൈംസ്റ്റോൺ എന്നിവ ഉൾപ്പെടെയുള്ള അസംസ്കൃത സാധനങ്ങൾ ഇറക്കുമതി ചെയ്യാനുള്ള പദ്ധതി .
- **MSTC Ltd** ന്റെ സഹായത്തോടുകൂടി കോൾ ലഭ്യമാക്കിയിട്ടുണ്ട്. സ്ക്രാപ്പ് മുതലായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.
- **കോട്ടൺ കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി** സഹകരിച്ച് ടെക്സ്റ്റയിൽ മില്ലുകൾക്കുവേണ്ടി ഗുണമേന്മയുള്ള പഞ്ഞി ലഭ്യമാക്കിയിട്ടുണ്ട്. **എൻ.സി.ഡി.സി** വഴി ടെക്സ്റ്റയിൽ മില്ലുകൾക്കുവേണ്ടി പ്രവർത്തന മൂലധന സഹായം ലഭ്യമാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു.
- NCDC യുമായി സഹകരിച്ച് സഹകരണ സ്പിന്നിംഗ് മില്ലുകൾക്കുവേണ്ടി പ്രവർത്തനമൂലധനസഹായം ലഭ്യമാക്കാനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.

Manu

**സെക്ഷൻ ഓഫീസർ**